# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.08.2026**

## പ്രധാനവാർത്തകൾ

1. രാജ്യം 80-ാം സ്വാതന്ത്ര്യദിന ആഘോഷ നിറവിൽ; ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ ആദരമർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു; രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.
2. ചുവപ്പുകോട്ടയിൽ ദേശീയ പതാക ഉയർത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി; ആഘോഷങ്ങളിൽ അലയടിച്ച് വന്ദേമാതരം.
3. അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കൾക്ക് നിർമിത ബുദ്ധി രംഗത്ത് പരിശീലനം നൽകുമെന്ന് പ്രധാനമന്ത്രി; പൊതുപരീക്ഷകൾക്കായി വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം നൽകുമെന്നും സ്വാതന്ത്ര്യ ദിനത്തിൽ പ്രഖ്യാപനം.
4. സംസ്ഥാനത്ത് വിപുലമായ സ്വാതന്ത്ര്യ ദിന ആഘോഷ പരിപാടികൾ; പ്രകൃതിദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
5. ഓണം പ്രമാണിച്ച് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും ഉത്സവബത്തയും അനുവദിച്ച് സംസ്ഥാന സർക്കാർ.
6. ശ്രീലങ്കയ്ക്കെതിരായ ഒന്നാം ടെസ്റ്റിൽ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു; പുരുഷ ഹോക്കി ലോകകപ്പിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും.

&&&&&&&&&&&&&&&&&

RNU TVPM

## <u>രാഷ്ട്രപതി</u>

എൺപതാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. മാതൃരാജ്യത്തിന്റെ സംരക്ഷണത്തിനും പരമാധികാരത്തിനുമായി പരമോന്നത ത്യാഗം സഹിച്ച ധീര രക്തസാക്ഷികൾക്ക് രാഷ്ട്രപതി പ്രണാമം അർപ്പിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ഉന്നത സൈനിക ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ധീരജവാന്മാരുടെ സ്മരണ പുതുക്കി രണ്ട് മിനിറ്റ് മൗനവും ആചരിച്ചു.

&&&&&&&&&&&&&&&&&

## <u>പി.എം - സ്വാതന്ത്ര്യ ദിനം (ഇൻട്രോ)</u>

RNUTVPM

80-ാമത് സ്വാതന്ത്ര്യ ദിനാഘോഷ നിറവിൽ രാജ്യം. ഡൽഹിയിലെ ചുവപ്പ്കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി. വികസിത ഭാരതത്തിനായുള്ള യുവജനങ്ങളുടെ സംഭാവനകൾ അംഗീകരിച്ചുകൊണ്ട് യുവശക്തി ആസ്പദമാക്കിയാണ് ഇത്തവണത്തെ ആഘോഷങ്ങൾ. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇതാദ്യമായാണ് ചുവപ്പ്കോട്ടയിൽ 'വന്ദേമാതരം' മുഴങ്ങുന്നതെന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യവേ, പ്രധാനമന്ത്രി പറഞ്ഞു. 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള ഇന്ത്യയുടെ യാത്ര ത്വരിതപ്പെടുത്തുന്നതിനായി, ഏഴ് ഘടകങ്ങളടങ്ങിയ 'സപ്തധാര' പരിഷ്കരണ ചട്ടക്കൂട് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഇന്ത്യ ഇപ്പോൾ ലോകത്തിലെ അതിവേഗം വളരുന്ന സുപ്രധാന സമ്പദ്‌വ്യവസ്ഥയായി മാറിയതായി അദ്ദേഹം പറഞ്ഞു. അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കൾക്ക് നിർമിത ബുദ്ധി രംഗത്ത് പരിശീലനം നൽകാൻ തീരുമാനിച്ചതായി പ്രധാനമന്ത്രി അറിയിച്ചു. ആഗോളതലത്തിൽ AI മേഖലയിൽ നേതൃനിരയിലേക്കുയരാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. വിവിധ പൊതുപരീക്ഷകൾക്കായി ദരിദ്ര-മധ്യവർഗ

കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ പരിശീലനം നൽകുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

(വോയിസ്...)

&&&&&&&&&&&&&&&&&

**സ്വാതന്ത്ര്യദിനം - ആശംസകൾ**

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, ജെ പി നഡ്ഡ, എസ് ജയ്ശങ്കർ തുടങ്ങിയവർ രാജ്യത്തെ ജനങ്ങൾക്ക് സ്വാതന്ത്ര്യ ദിന ആശംസകൾ നേർന്നു. സ്വതന്ത്ര ഭാരതത്തെ വികസിത ഭാരതമാക്കി മാറ്റാനുള്ള പവിത്രമായ ലക്ഷ്യത്തിനായി ഒരുമിച്ച് പ്രവർത്തിക്കാമെന്ന് രാഷ്ട്രപതി പറഞ്ഞു. പ്രതിബദ്ധതയോടും ഉത്തരവാദിത്തത്തോടും അഭിമാനത്തോടും കൂടി രാഷ്ട്രത്തെ സേവിക്കാൻ ത്രിവർണ്ണ പതാക എന്നും പ്രചോദനമേകട്ടെ എന്ന് ഉപരാഷ്ട്രപതി ആശംസിച്ചു. ഭരണഘടനയുടെയും ത്രിവർണ്ണ പതാകയുടെയും മൂല്യങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കണമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സ്വാതന്ത്ര്യദിനാശംസകൾ നേർന്നുകൊണ്ട് പറഞ്ഞു. കേരളം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ , പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവരും സ്വാതന്ത്ര്യദിനാശംസകൾ പങ്കുവച്ചു.

RNU TVPM

&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി (ഇൻട്രോ)**

സംസ്ഥാനത്തും വിപുലമായ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ ദേശീയപതാക ഉയർത്തി. പ്രളയമടക്കമുള്ള പ്രകൃതിദുരന്തങ്ങളെ നേരിടാൻ ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കുമെന്നും, ദുരന്തബാധിത കുടുംബങ്ങളെ ചേർത്തുപിടിച്ച് ഒറ്റക്കെട്ടായി അതിജീവിക്കുമെന്നും സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും മെച്ചപ്പെടുത്തുക,

ലഹരിമുക്ത സമൂഹം സൃഷ്ടിക്കുക, എന്നിവയ്ക്ക് സർക്കാർ മുൻഗണന നൽകുമെന്നും തന്റെ സന്ദേശത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

വിവിധ സേനാവിഭാഗങ്ങൾ, അശ്വാരൂഢസേന, എൻ.സി.സി., സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു. മികച്ച സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവീസ് മെഡലുകൾ, കറക്ഷണൽ സർവീസ് മെഡലുകൾ, ജീവൻരക്ഷാ പതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി സമ്മാനിച്ചു.

&&&&&&&&&&&&&&&&&

<u>മാഹി സ്വാതന്ത്ര്യദിനം</u>

PRDTVPM

മാഹിയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പുതുച്ചേരി സിവിൽ സപ്ലൈസ് മന്ത്രി ശിവകൊളുന്തു പതാക ഉയർത്തി. തുടർന്ന് മാഹി പോലീസ്, ഇന്ത്യ റിസർവ് ബറ്റാലിയൻ, പുതുചേരി ഹോം ഗാർഡ്സ്, എൻ. സി. സി തുടങ്ങിയ വിഭാഗങ്ങളുടെ വർണാഭമായ പരേഡും വിദ്യാർത്ഥികളുടെ കലാപരിപാടികളും നടന്നു. മാഹി എം. എൽ. എ അശോക് കുമാർ പങ്കെടുത്തു.

&&&&&&&&&&&&&&&&&

<u>സുരേഷ്ഗോപി</u>

തൃശൂർ ഭാരതീയ വിദ്യാഭവനിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. 2047-ൽ രാജ്യം നൂറാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ഇന്ത്യ പൂർണ്ണമായും വികസിത രാജ്യമായി മാറുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. 'കേരളം' എന്ന് പുനർ നാമകരണം ചെയ്യ് പാർലമെന്റ് ബിൽ പാസാക്കിയ ശേഷമുള്ള ആദ്യ

സ്വാതന്ത്ര്യദിനമാണിതെന്ന പ്രത്യേകതയും ഇത്തവണയുണ്ടെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

<u>സ്വാതന്ത്ര്യദിനം - ജില്ലകൾ (ഇൻട്രോ)</u>

ജില്ലാ ആസ്ഥാനങ്ങളിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് മന്ത്രിമാർ നേതൃത്വം നൽകി. നിയമസഭ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തി.

വിശദാംശങ്ങളിലേക്ക്... (വോയ്സ്)

&&&&&&&&&&&&&&&&&

<u>സ്വാതന്ത്ര്യദിനം - ജില്ലകൾ (വോയ്സ്)</u>

കൊല്ലം ആശ്രാമം മൈതാനത്ത് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ മന്ത്രി ഷിബു ബേബിജോൺ അഭിവാദ്യം സ്വീകരിച്ചു. പത്തനംതിട്ടയിൽ മന്ത്രി പി സി വിഷ്ണുനാഥ് പതാക ഉയർത്തി സ്വാതന്ത്ര്യദിന സന്ദേശം നൽകി. കോട്ടയത്ത് മന്ത്രി മോൻസ് ജോസഫ് സ്വാതന്ത്ര്യദിന ചടങ്ങുകൾക്ക് നേതൃത്വം നൽകി. ആലപ്പുഴയിലെ ചടങ്ങിൽ മന്ത്രി എം.ലിജു അഭിവാദ്യം സ്വീകരിച്ചു. എറണാകുളം ജില്ലാ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ മന്ത്രി റോജി എം ജോൺ ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. ഇടുക്കിയിൽ മന്ത്രി അനൂപ് ജേക്കബ്ബും തൃശ്ശൂരിൽ മന്ത്രി ഒ.ജെ ജെനീഷും പാലക്കാട് മന്ത്രി എ.എൻ ഷംസുദ്ദീനും ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. കോഴിക്കോട് ജില്ലയിൽ മന്ത്രി ബിന്ദു കൃഷ്ണ ദേശീയപതാകയുയർത്തി അഭിവാദ്യം സ്വീകരിച്ചു. വയനാട് ജില്ലാ ആസ്ഥാനത്തു നടന്ന ചടങ്ങിന് മന്ത്രി ടി സിദ്ദിഖ് നേതൃത്വം നൽകി. കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ മന്ത്രി സണ്ണി ജോസഫ് ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. കാസർകോട് മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി കെ എം ഷാജി പതാക ഉയർത്തി.

ന്യൂസ് ഡെസ്ക് ആകാശവാണി....

RNU TVPM

&&&&&&&&&&&&&&&&&

<u>ലക്ഷദ്വീപ്</u>

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ലക്ഷദ്വീപ് ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ കവരത്തി സ്കൂൾ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് S.B. Deepak Kumar ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

&&&&&&&&&&&&&&&&&

<u>പ്രത്യേക പരിപാടി</u>

80- ആം സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി ഇന്ന് വൈകിട്ട് 6.40 ന് പ്രക്ഷേപണം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&

<u>ഓണം - ബോണസ്</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജന്റ് ജീവനക്കാർക്കും മറ്റു വിഭാഗങ്ങളിലുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസും പ്രത്യേക ഉത്സവബത്തയും അഡ്വാൻസും അനുവദിച്ച് സർക്കാർ. 4500 രൂപയാണ് ബോണസായി ലഭിക്കുക. ബോണസിന് അർഹതയില്ലാത്തവർക്ക് പ്രത്യേക ഉത്സവബത്തയായി 3000 രൂപ ലഭിക്കും. സർവീസ് പെൻഷൻകാരുടെ പ്രത്യേക ഉത്സവ ബത്ത 1250 രൂപയാണ്. ഓഗസ്റ്റ് 17 മുതൽ തുക വിതരണം ചെയ്യും.

&&&&&&&&&&&&&&&&&

<u>ഹോക്കി ലോകകപ്പ് (ഇൻട്രോ)</u>

ഹോക്കി ലോകകപ്പുകൾക്ക് ഇന്ന് തുടക്കമാകും. ബെൽജിയം, നെതർലൻഡ്സ് എന്നീ രാജ്യങ്ങൾ സംയുക്തമായാണ്

ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്. പുരുഷ വിഭാഗത്തിൽ ഇന്ന് വൈകിട്ട് 4.30 ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ വെയിൽസിനെ നേരിടും.

**ആകാശവാണി പ്രതിനിധി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്..... ( വോയിസ്....)**

**&&&&&&&&&&&&&&&&&**

<u>ടെസ്റ്റ് ക്രിക്കറ്റ്</u>

ശ്രീലങ്കയ്ക്കെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീം തങ്ങളുടെ 600-ാം ടെസ്റ്റ് മത്സരത്തിനാണ് ഇന്ന് കളത്തിലിറങ്ങിയത്.

**&&&&&&&&&&&&&&&&&**

<u>വിള ഇൻഷുറൻസ്</u>

സംസ്ഥാനത്ത് ഈ വർഷം ജൂലൈ 29 മുതൽ ആഗസ്റ്റ് പത്ത് വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള ധനസഹായത്തിനും, വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തിനും അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 5 വരെ നീട്ടി. അർഹരായ എല്ലാ കർഷകരും AIMS പോർട്ടൽ വഴിയോ സമീപത്തെ കൃഷിഭവനുമായി ബന്ധപ്പെട്ടോ അപേക്ഷ സമർപ്പിക്കണം.

**&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**

RNU TVPM